# എമ്മാവൂസ് വചനദൂത്



Vol.9 Issue 33

# ക്രിസ്തുമസ് - തീർത്ഥാടനകാലം

റവ. ഫാ. തോമസ് കൊട്ടുപ്പള്ളിൽ

നിഖ്യാ വിശ്വാസപ്രമാണം ഈശോയുടെ തിരുപ്പിറവിയെ പ്രഘോഷിക്കുന്നത് ഇപ്രകാരമാണ്. "മനുഷ്യരായ നമുക്ക് വേണ്ടിയും നമ്മുടെ രക്ഷയ്ക്ക് വേണ്ടിയും അവിടുന്ന് സ്വർഗ്ഗത്തിൽ നിന്നിറങ്ങി; പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽ നിന്ന് ശരീരം സ്വീകരിച്ച് മനുഷ്യനായി പിറന്നു". ബനഡിക്ട് 16-ാമൻ പാപ്പ മനുഷ്യാവതാരത്തെ വിശേഷിപ്പിക്കുന്നത് ഇപ്രകാരമാണ്. "ദൈവത്തിന്റെ വിജ്ഞാനം മനുഷ്യനായി അവതരിച്ചതാണ് ഈശോ. അനാദികാലം മുതലേയുള്ള ദൈവവചനം മരണമുള്ള മനുഷ്യനായിത്തീർന്നതാണ് അവിടുന്ന്". വി. ഇരണേവൂസ് ഈശോയുടെ മനുഷ്യാവതാരത്തിന്റെ ലക്ഷ്യത്തെ വിവരിക്കുന്നത് ഇപ്രകാരമാണ്. "ദൈവവുമായി ഐക്യപ്പെടുന്നതിലൂടെയും അങ്ങനെ ദൈവപുത്രസ്ഥാനം സ്വീകരിക്കുന്നതിലൂടെയും നാം ദൈവമക്കളായി തീരുന്നതിന് വേണ്ടിയാണ് വചനം മാംസമായി ദൈവപുത്രൻ മനുഷ്യനായി അവതരിച്ചത്". 2000 വർഷങ്ങൾക്കപ്പുറം ബെത്‌ലഹേമിലെ ഒരു പുൽക്കൂട്ടിൽ, നമ്മുടെ കുർബാനക്രമത്തിലെ, അദ്ദായി മാറി അനാഫൊറയിലെ 3-ാം ഗ്ഹാന്തയിൽ പറയുന്നത് പോലെ, "ദൈവത്തോടുള്ള സമാനത നിലനിർത്തേണ്ട കാര്യമായി പരിഗണിക്കാതെ അവിടുന്ന് തന്നെത്തന്നെ ശൂന്യനാക്കി, ദാസന്റെ രൂപം സ്വീകരിച്ച് വിവേകവും ബുദ്ധിയുമുള്ള അമർത്യമായ ആത്മാവോടും മർത്യമായ ശരീരത്തോടും കൂടി പരിപൂർണ്ണ മനുഷ്യനായി സ്ത്രീയിൽ നിന്ന് ജാതനായത് നമുക്ക് വേണ്ടിയായിരുന്നു, നമ്മുടെ രക്ഷയ്ക്ക് വേണ്ടിയായിരുന്നു, നമ്മെ ദൈവമക്കളാക്കി തീർക്കുന്നതിന് വേണ്ടിയായിരുന്നു".

ഈശോയുടെ തിരുപ്പിറവിയോടനുബന്ധിച്ചുള്ള ദൈവവചന വായനകളിലൂടെ ഈ മംഗളവാർത്താക്കാലം നാം ചിലവഴിച്ചപ്പോൾ ഈശോയുടെ വരവിനെ പ്രതീക്ഷിച്ച്, അവിടുന്നിലൂടെ കൈവരുന്ന രക്ഷയെ പ്രതീക്ഷിച്ച് കാത്തിരുന്നവരെയും, അവിടുത്തെ മനുഷ്യാവതാരം പ്രത്യക്ഷമായ ദൈവിക വെളിപ്പെടുത്തലുകളിലൂടെ കടന്നു വന്നപ്പോൾ അത് തിരിച്ചറിഞ്ഞ് ദൈവദൂതിന് സമ്മതം പറഞ്ഞവരെയും, അതിൽ ആനന്ദിച്ച് പാട്ട് പാടുന്നവരെയും, അങ്ങനെ ഈശോയുടെ ജനന അറിയിപ്പിനെ ഏറ്റവും വലിയ സന്തോഷ അവസരമാക്കി തീർത്ത രക്ഷകന്റെ അമ്മയാകുവാൻ ഭാഗ്യം ലഭിച്ച മറിയത്തെയും, അവളുമായി വിവാഹനിശ്ചയം ചെയ്യപ്പെട്ടിരുന്ന യൗസേപ്പിനെയും, അവളുടെ ചാർച്ചക്കാരിയായ എലിസബത്തിനെയും അവളുടെ ഭർത്താവ് സഖറിയായെയും അവരുടെ മകനായി ഈശോയുടെ മുന്നോടിയായി വന്ന സ്നാപകനെയും കണ്ടുമുട്ടി. ഈശോയുടെ ജനനം എപ്രകാരം ആഘോഷിക്കണം എന്നുള്ളതിനുള്ള ഉത്തരമാണ് മംഗളവാർത്ത ശ്രവിച്ചതിന് ശേഷമുള്ള ഇവരുടെ ജീവിതം. കാരണം, ഇവരെയെല്ലാം സംബന്ധിച്ച് മറിയത്തിന്റെ ഉദരത്തിൽ ഈശോ ജന്മമെടുത്തതോടെ രക്ഷകൻ ഭൂമിയിൽ അവതരിച്ചു കഴിഞ്ഞു. പിന്നീടുള്ള ഇവരുടെ യാത്രകളെല്ലാം തീർത്ഥാടനങ്ങളാണ്. ഈശോയെ വഹിച്ചുകൊണ്ട് അല്ലെങ്കിൽ ഈശോയെ ലക്ഷ്യമാക്കി നട

ത്തിയ തീർത്ഥാടനങ്ങളെക്കുറിച്ച് ധ്യാനിച്ചുകൊണ്ട് നമുക്ക് ഈ ക്രിസ്തുമസ് ആഘോഷിക്കാം.

**ഒന്നാം തീർത്ഥാടനം**

ഈശോയുടെ അമ്മയാകുവാനുള്ള ദൈവികദൂത് ലഭിച്ച മറിയം, ഈശോയുടെ മുന്നോടിയായ സ്നാപകന്റെ അമ്മയാകുവാൻ ഭാഗ്യം ലഭിച്ച എലിസബത്തിന്റെ അടുക്കലേയ്ക്ക് ശുശ്രൂഷാമനോഭാവത്തോടെ നടത്തുന്ന തീർത്ഥാടനം. ഈ തീർത്ഥാടനത്തിന് മറിയത്തിന് കൂട്ട് മറ്റാരുമല്ല, തന്റെ ഉദരത്തിൽ ജന്മമെടുത്ത ലോകരക്ഷകനായ ഈശോ തന്നെ. ഈശോയെ ഉദരത്തിൽ വഹിച്ചുകൊണ്ടു പോകുന്ന ഈ യാത്രയ്ക്ക് ഒരു ദൈവികമാനം ലഭിക്കുന്നത്, സഹായം ആവശ്യമുള്ള എലിസബത്ത് എന്ന സ്ത്രീയിൽ എത്തിച്ചേർന്നു എന്നുള്ളതാണ്. ഈശോ തന്റെ പരസ്യജീവിതകാലത്ത് പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്ത അപരകേന്ദ്രീകൃത ആദ്ധ്യാത്മികതയാണ് ആദ്യതീർത്ഥാടന ഉദ്ദേശം.

**രണ്ടാം തീർത്ഥാടനം**

യൗസേപ്പിതാവും പരിശുദ്ധ മറിയവും ദൈവപുത്രന് പിറക്കാനുള്ള ഇടം തേടി അപ്പത്തിന്റെ ഭവനമായ ബെത്‌ലഹേമിലേക്ക് നടത്തിയ തീർത്ഥാടനം. ഈ യാത്രയിൽ അവരുടെ കരുത്തും ബലവും എന്ന് പറയുന്നത് മറ്റാരുമല്ല, മാതാവിന്റെ ഉദരത്തിൽ ഭ്രൂജാതനായ ഈശോ തന്നെയാണ്. കുടുംബമൊന്നാകെ (അപ്പനും, അമ്മയും, മകനും) ദൈവേഷ്ടപ്രകാരം തങ്ങൾക്കുള്ള സുരക്ഷിതഭവനം ഉപേക്ഷിച്ച് സുരക്ഷിതത്വമില്ലായ്മയിലേക്ക് യാത്ര ചെയ്യുന്നു. അവിടെ മാലാഖമാരുടെയും മനുഷ്യരുടെയും മൃഗങ്ങളുടെയും ആകാശനക്ഷത്രങ്ങളുടെയും സാന്നിധ്യത്തിൽ അവയിലൂടെ പ്രപഞ്ചം ഒന്നിച്ച് നൽകുന്ന സുരക്ഷിതത്വത്തിൽ ദൈവേഷ്ടപ്രകാരം ഈശോയ്ക്ക് ജന്മം കൊടുക്കുമ്പോൾ രണ്ടാം തീർത്ഥാടനവും അതിന്റെ ലക്ഷ്യം കൈവരിക്കുന്നു.

**മൂന്നാം തീർത്ഥാടനം**

ആട്ടിടയന്മാർ പുൽക്കൂട്ടിൽ പിറന്ന ഉണ്ണീശോയെ കണ്ട് ആരാധിക്കുവാൻ നടത്തുന്ന തീർത്ഥാടനം. "അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി" എന്ന മാലാഖമാരുടെ മംഗളഗീതത്തിന്റെ അകമ്പടി സേവിച്ചാണ് ആട്ടിടയന്മാർ തങ്ങളുടെ തീർത്ഥാടനം നടത്തുന്നത്.

**നാലാം തീർത്ഥാടനം**

പൗരസ്ത്യദേശത്ത് നിന്നുള്ള മൂന്ന് ജ്ഞാനികൾ ഈശോയുടെ ജനന അറിയിപ്പുമായി ഉദിച്ച നക്ഷത്രത്തെ പിന്തുടർന്ന് ആരാധിക്കുവാനും പൊന്നും മീറയും കുന്തിരിക്കവും കാഴ്ചകളായി ദിവ്യപൈതലിന്റെ സമക്ഷം സമർപ്പിക്കുവാനും നടത്തുന്ന തീർത്ഥാടനം. ഈ തീർത്ഥാടന വഴിയിൽ ഹേറോദോസിന്റെ ഇടപെടൽ വഴിയായി തെറ്റിപ്പോകാവുന്ന യാത്ര. എന്നാൽ ദൈവികനിർദ്ദേശം സ്വീകരിക്കുമ്പോൾ ശരിയായ വഴിയിലൂടെയുള്ള യാത്ര ഈശോയെ ശത്രുകരങ്ങളിൽ ഏൽപ്പിക്കാതിരിക്കാനുള്ള തീർത്ഥാടനമായി തീരുന്നു.

**അഞ്ചാം തീർത്ഥാടനം**

ഉണ്ണിയായി പിറന്ന ദൈവപൈതലിനെ മരണത്തിന്റെ പിടിയിൽ നിന്ന് രക്ഷിക്കുവാനായി കർത്താവിന്റെ ദൂതന്റെ നിർദ്ദേശപ്രകാരം യൗസേപ്പിതാവ്, മാതാവിനെയും ഉണ്ണീശോയെയും കൂട്ടി ഈജിപ്തിലേക്ക് നടത്തുന്ന തീർത്ഥാടനം.

ഈ അഞ്ച് തീർത്ഥാടനങ്ങളും മറ്റുള്ളവരെ സഹായിക്കുവാനും ഉണ്ണീശോയെ ആരാധിക്കുവാനും കാഴ്ചകൾ സമർപ്പിക്കുവാനും ഉണ്ണീശോയുടെ ജീവൻ രക്ഷിക്കുവാനുമുള്ളതായിരുന്നെങ്കിൽ ഇതിനിടയിൽ നാം കണ്ടുമുട്ടുന്ന ഒരു അന്വേഷണയാത്ര തീർത്ഥാടനമല്ലായിരുന്നു. മറിച്ച്, നാശത്തിന്റെ അകമ്പടി സേവിച്ചതായിരുന്നു. അത് മറ്റാരുമല്ല. ഹേറോദോസിന്റെ, ഉണ്ണീശോയെ അന്വേഷിച്ചുള്ള യാത്രയായിരുന്നു. തുടക്കത്തിൽ, ഈശോയുടെ ജനനം തനിക്ക് ഭീഷണിയാകുമെന്ന് കരുതുന്ന ഹേറോദോസ്, ഈശോയെ കാണണം-ആരാധിക്കണം എന്നുള്ള മുഖംമൂടി അണിഞ്ഞ് ഉള്ളിന്റെയുള്ളിൽ അവനെ കൊല്ലുവാനുള്ള വഴികൾ തയ്യാറാക്കിയതിന്റെ ബാക്കിപത്രമാണ് അന്ന് ആ പരിസരങ്ങളിൽ കൊല്ലപ്പെട്ട അനേകം കുഞ്ഞുങ്ങളുടെ നിലവിളികൾ.

നമുക്കും ജീവിതത്തിൽ തീർത്ഥാടനങ്ങൾ നടത്തുന്നവരായിത്തീരാം. തീർത്ഥാടനലക്ഷ്യം ഒന്ന് മാത്രമായിരിക്കണം; ഈശോയെ കാണുക, ആരാധിക്കുക, കാഴ്ചകൾ സമർപ്പിക്കുക, അതുവഴിയായി മറ്റുള്ളവരിലേക്ക് ആ സ്നേഹത്തെ-കരുതലിനെ പകർന്നു കൊടുക്കുക. ഇന്ന് ഈശോയെ കണ്ടുമുട്ടുവാനും ആരാധിക്കുവാനും കാഴ്ചകൾ സമർപ്പിക്കുവാനും നാം തീർത്ഥാടനം നടത്തേണ്ടത് നമ്മുടെ ദൈവാലയങ്ങളിലേയ്ക്കാണ്. അവിടെ ബെത്‌ലഹേമിൽ 2000 വർഷങ്ങൾക്കപ്പുറം ഈശോ പിറന്നുവീണതു പോലെ ബലിപീഠമാകുന്ന പുൽക്കൂട്ടിൽ അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ കുർബാനയായി പിറന്നുവീഴുന്ന ഈശോയെ നമുക്ക് കണ്ടുമുട്ടാൻ സാധിക്കും. അങ്ങനെ കണ്ടുമുട്ടുന്ന കുർബാനയായ ഈശോയ്ക്ക് ആരാധനയും സ്തുതികളും കാഴ്ചകളും സമർപ്പിക്കുമ്പോൾ അവൻ നമുക്ക് നൽകുന്ന സ്നേഹസമ്മാനമാണ് അപ്പത്തിന്റെ രൂപത്തിൽ നമ്മുടെ ഉള്ളിൽ വസിക്കുവാൻ തയ്യാറാവുന്നത്. അവനെ ഉള്ളിൽ സ്വീകരിച്ചു കഴിഞ്ഞാൽ ദൈവാലയപടികൾ ചവിട്ടി നാം പുറത്തേയ്ക്കിറങ്ങുന്നത്, മറിയം എലിസബത്തിനെ ശുശ്രൂഷിക്കാൻ തീർത്ഥാടനം നടത്തിയത് പോലെ മറ്റുള്ളവരുടെ ജീവിതയാഥാർത്ഥ്യങ്ങളിൽ സ്നേഹമായി, സാന്ത്വനമായി, കരുതലായി തീരുവാൻ വേണ്ടിയായിരിക്കും.

അവസാനമായി ഉണ്ണീശോയുടെ ഈ പിറവിത്തിരുന്നാൾ സ്വർഗ്ഗത്തെ ലക്ഷ്യമാക്കി തീർത്ഥാടനം നടത്തുന്ന സഭയിലെ തീർത്ഥാടകരായ നമ്മുടെ ജീവിതയാത്രയെ നേർവഴിക്ക് നയിക്കുന്നതായി തീരട്ടെ. എല്ലാവർക്കും ഉണ്ണീശോയുടെ തിരുപ്പിറവിയുടെ പ്രാർത്ഥനകളും അനുഗ്രഹങ്ങളും...